"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ (ഭൂജല) വകുപ്പ്- വ്യവസായ-അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ഭൂജല ഉപയോഗത്തിന് നിരാക്ഷേപപത്രം അനുവദിക്കുന്നതിനുള്ള ഡെലിഗേഷൻ പവർ (Delegation power) പുതുക്കി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ഭൂജല) വകുപ്പ്**

സ.ഉ.(കൈ) നം.44/2026/WRD തീയതി,തിരുവനന്തപുരം, 21-07-2026

---

1. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 30.07.2025 തീയതിയിലെ 451/Prl.Secy/2025/Ind. നമ്പർ കത്ത്.
2. ഭൂജല വകുപ്പ് ഡയറക്ടറുടെ 05.06.2026 തീയതിയിലെ DGWD/1037/2024-T4 നമ്പർ കത്ത്.

**ഉത്തരവ്**

വ്യവസായ-അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ഭൂജല ഉപയോഗത്തിന് നിരാക്ഷേപപത്രം (NOC) അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ഡെലിഗേഷൻ പവർ പുതുക്കി നിശ്ചയിക്കണമെന്ന പരാമർശം (1) പ്രകാരമുള്ള വ്യവസായ വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിക്കുവാൻ ഭൂജല വകുപ്പ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

2. സംസ്ഥാനത്ത് വ്യവസായ-അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലെ ഭൂജല ഉപയോഗത്തിനായുള്ള നിരാക്ഷേപപത്രം (NOC) അനുവദിക്കുന്നതിനായി നിലവിലുള്ള ഡെലിഗേഷൻ പവർ (Delegation power) ചുവടെ ചേർക്കുംവിധമാണ്.

*1.ജില്ലാ ഓഫീസർ:- ജില്ലാ തല അവലോകന സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രതിദിനം 2,500 ലിറ്റർ വരെയുള്ള ഭൂജല ഉപഭോഗത്തിനുള്ള NOC അനുവദിക്കൽ.*

*2. ഭൂജല വകുപ്പ് ഡയറക്ടർ: ജില്ലാ തല അവലോകന സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രതിദിനം 10,000 ലിറ്റർ വരെ ഭൂജല ഉപഭോഗത്തിനുള്ള NOC അനുവദിക്കൽ.*

*3. സംസ്ഥാന ഭൂജല അതോറിറ്റി: ജില്ലാ തല അവലോകന സമിതിയുടെ ശിപാർശയുടെ*

*അടിസ്ഥാനത്തിൽ പ്രതിദിനം 10,000ലിറ്ററിന് മുകളിലുള്ള ഭൂജല ഉപഭോഗത്തിനുള്ള NOC അനുവദിക്കുന്നതിനുള്ള അധികാരം.*

*4. NOC പുതുക്കൽ : സംസ്ഥാന ഭൂജല അതോറിറ്റി മുൻപ് അനുവദിച്ച നിശ്ചിത അളവിൽ തന്നെയുള്ള NOC, ജില്ലാ തല അവലോകന സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, NOC വ്യവസ്ഥകൾ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാന ഭൂജല അതോറിറ്റിയുടെ സെക്രട്ടറി( ഭൂജല വകുപ്പ് ,ഡയറക്ടർ) പുതുക്കി നൽകി വരുന്നു*

3. വ്യവസായ-അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ഭൂജല ഉപയോഗത്തിനായുള്ള നിരാക്ഷേപത്രം അനുവദിക്കുന്നതിനുള്ള നടപടിക്രമം കൂടുതൽ ലളിതമാക്കുന്നതിനും, സമയബന്ധിതമായി നിരാക്ഷേപപത്രം അനുവദിക്കുന്നതിനുമായി ഡെലിഗേഷൻ പവർ പുതുക്കി നിശ്ചയിക്കാവുന്നതാണെന്ന് ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം ഭൂജല വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു.

4. ഭൂജല വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. വ്യവസായ-അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ഭൂജല ഉപയോഗത്തിനായുള്ള നിരാക്ഷേപപത്രം അനുവദിക്കുന്നതിനുള്ള ഡെലിഗേഷൻ പവർ (Delegation Power) പുതുക്കി നിശ്ചയിച്ച് ഭൂജല വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ചുവടെ ചേർക്കും പ്രകാരമുള്ള ഭേദഗതി പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ക്രമ നമ്പർ** | **ഭൂജല ഉപയോഗത്തിന്റെ അളവ്(പ്രതിദിനം)** | **NOC അനുവദിക്കുന്നതിനുള്ള പുതിയ അധികാരം** | **NOC പുതുക്കുന്നതിനുള്ള പുതിയ അധികാരം** |
|---|---|---|---|
| 1 | 25,000 ലിറ്റർ വരെ | ജില്ലാതല അവലോകന സമിതി (DLEC) ശിപാർശയോടെ ഭൂജല വകുപ്പ് ജില്ലാ ഓഫീസർ മുഖേന | DLEC ശിപാർശയുടെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പ് ജില്ലാ ഓഫീസർക്ക് പുതുക്കി നൽകാവുന്നതാണ്. |
| 2 | 25,001 മുതൽ 50,000 ലിറ്റർ വരെ | ഭൂജല വകുപ്പ് ഡയറക്ടർ മുഖേന | ഭൂജല വകുപ്പ് ഡയറക്ടർക്ക് പുതുക്കി നൽകാവുന്നതാണ്. |
| | | | സംസ്ഥാന ഭൂജല അതോറിറ്റി |

| | | | |
|---|---|---|---|
| 3 | 50,000 ലിറ്ററിന് മുകളിൽ | സംസ്ഥാന ഭൂജല അതോറിറ്റി മുഖേന | അനുവദിച്ച നിരക്ക് വരെ ജില്ലാതല അവലോകന സമിതി (DLEC) ശിപാർശയോടെ ഭൂജല വകുപ്പ് ഡയറക്ടർക്ക് പുതുക്കി നൽകാവുന്നതാണ്. ആയതിന് മുകളിൽ സംസ്ഥാന ഭൂജല അതോറിറ്റിയ്ക്ക് നൽകാവുന്നതാണ്. |

5. മേൽപറഞ്ഞ പ്രകാരം വരുത്തിയ ഭേദഗതി സംസ്ഥാന ഭൂജല അതോറിറ്റിയുടെ അടുത്ത യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DEEPA N C
ജോയിന്റ് സെക്രട്ടറി

പകർപ്പ്
1.ഡയറക്ടർ, ഭൂജല വകുപ്പ്.
2.സെക്രട്ടറി, വ്യവസായ വകുപ്പ്.
3.എല്ലാ ജില്ലാ കലക്ടർമാർക്കും.
4.റീജ്യണൽ ഡയറക്ടർ, സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ്.
5.ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
6.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Julie K S
Date: 27-07-2026
സെക്ഷൻ ഓഫീസർ
16:58:11